Talented Bankers Literary Panel
പുസ്തക പരിചയം 185

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
കഞ്ഞികുഴി (ആലപ്പുഴ) ശാഖ.

പ്രണയ ഭൂപടം തിരയുന്നവൾ"
ബാലാ ആങ്കാരത്ത്.

പ്രണയത്തിന്റെ ജൈവഭൂപടം

പ്രണയത്തിന്റെ ദൈവം ചുറ്റികകൊണ്ടടിച്ച് വിശ്വാസത്തിന്റെ ആണികളാലുറപ്പിച്ച ജൈവ ഭൂപടം ! അതാണ് Rajee Balan ബാലയുടെ "പ്രണയ ഭൂപടം തിരയുന്നവൾ".

ദളങ്ങളും അങ്കണങ്ങളുമായി ഈ പുസ്തകം വിഭജിക്കപ്പെട്ടിരിക്കുന്നു.

ദളം എന്ന ഭാഗത്ത് 33 കവിതകൾ
പൂത്തു നിൽക്കുന്നു.
പ്രണയത്തിന്റെ മടിയിൽ തലചായ്ച്ച്,
പവിഴവരികളായ് കായ്ച്ച്,
അണിഞ്ഞൊരുങ്ങുന്ന കവിതയുടെ മുഴുക്കാപ്പ് !

ഈ പ്രണയ ഭാരതപ്പുഴയിലെ
കുതിർന്ന കടലാസുവഞ്ചിയാണ് ദളം 3.

'വരൂ നമുക്കൊരു ചൂടു കാപ്പിയുടെ
മധുരം നുണയാം;
രാത്രി മഴയുടെ താളത്തിൽ താരാട്ടു പാടാം.'
എന്നു കവയിത്രി ക്ഷണിക്കുന്നു.

അപ്രതീക്ഷിതമായി നമ്മെ
കുതിർപ്പിക്കുന്ന, കുളിപ്പിക്കുന്ന മഴകൾ. കിനാവിനെ തുഴകൾ
നേർത്തെ കാമത്തിന്റെ മുഴകൾ!

നൃത്തക്കാരി മാത്രമല്ല മികച്ചൊരു തുന്നൽക്കാരി കൂടിയാണ് ബാലടീച്ചർ.

'ഒരു വെയിലിനാൽ നീയതു
മായ്ച്ചു കളഞ്ഞില്ലെങ്കിൽ ഞാനൊരുക്കമാണ് ചിലതൊക്കെ
തുന്നിച്ചേർക്കാൻ'
എന്ന വരികൾ വായിച്ചു നോക്കൂ

(അഥവാ തുഴഞ്ഞു നോക്കൂ!)

പ്രിയ ബാല,
ഞാനറിയാതെഴുതിപ്പോകുന്നു:
ആത്മാവിന്റെ ഗർഭത്തിൽ പ്രണയത്തെ വഹിക്കുന്നവവളേ!
പ്രണയപ്പൂമ്പൊടി വാരിപ്പൂശുന്നവളേ!

ബാലയുടെ ആകാശത്ത് നൂറായിരം
നക്ഷത്രപ്പൂക്കൾ വിരിയുമ്പോൾ
പ്രണയം ആശയുടെ വില്ലു കുലക്കാതിരിക്കുന്നതെങ്ങനെ?!

പറഞ്ഞു തീർക്കാനേപറ്റുന്നില്ലല്ലോ!
ആമ്പലുകളാൽ നാണം മറച്ച ഒരു ജലാശയത്തിലൂടെ നമ്മൾ
ഒഴുക്കിക്കൊണ്ടുപോവുകയാണ് കവയത്രി.

ഉത്തമഗീതത്തിന്റെ മുന്തിരിവള്ളിയുടെ സൗരഭ്യം പരക്കുന്നുണ്ട് ആ
കവിതാവഴികളിൽ.

'സ്വപ്നസഞ്ചാരത്തിൻ അവസാന തെരുവിൽ പുലരിയുടെ ചോപ്പെനിക്ക്
വാരി പ്പുതയ്ക്കണം.
എന്ന് 'അധരം അധരേന ശാന്തി' ആകുന്നു
ആ മാന്ത്രിക വരികൾ ,വഴികൾ !

'ഹൃദയഭിത്തിയിലൂടെ ചാൽകീറിയൊഴുകി' തെരുവിന്റെ
അങ്ങേയറ്റത്തുള്ള വീടുവരെ ബാലയുടെ പ്രണയ കൂജനങ്ങൾ
എത്തുന്നുണ്ട്!
ഓർമ്മ കടുപ്പമുള്ള കടുംകാപ്പി കുടിക്കുന്നുണ്ട്!
മേഘമൽഹാറും അമൃതവർഷിണിയും ആകുന്നുണ്ട്?

"പ്രണയ നദി ഒഴുകിപ്പരക്കുന്നുണ്ടെന്റെയുള്ളിൽ"
അതെ,
ഓരോ പേജിലും ഒരുറവ പൊട്ടുന്നുണ്ട്!

പശ്ചാത്താപത്തിന്റെ ദർഭ വിരലുകളാൽ ഓർമ്മകൾക്ക് ശ്രദ്ധ
മൂട്ടുന്നുമുണ്ട് .

('ദർഭ വിരലാൽ തർപ്പണം ചെയ്യുമ്പോൾ എവിടെയോ ഒരു മഞ്ഞമന്ദാരം
ഞെട്ടറ്റു വീഴുന്നു')

കവിതയുടെ വേനൽകാലവസതി
അഥവാ
പ്രണയപ്പകർച്ചയുടെ പാതിരാകുർബാന!

നിൽക്കൂ!
ഉപമിച്ചുപമിച്ച്
എങ്ങോട്ടാണീ പോകുന്നത്?
ഇടവേളയായതേയുള്ളൂ!
പ്രണയബീജങ്ങളുടെ കൊയ്ത്തുകാലം തുടങ്ങാൻ പോകുന്നതേയുള്ളൂ!

"മറ്റാരും അറിയാത്തൊരെൻ ആത്മസുഗന്ധം നുകർന്നു നീ
ഹൃദയാകാശങ്ങളിൽ നിലാവായി പൊഴിയാൻ"
പോകുന്നതേയുള്ളൂ.

'അന്ന്, രാവുകൾ പകലുകൾ
ആകുന്ന സ്വപ്നങ്ങളിൽ ഉറവപൊട്ടുന്ന
വന്ധ്യമോഹങ്ങളിൽ ഒരു ബീജാവാപത്തിനായ് ഉടൽ തുടിക്കും.
അന്ന് നാം നമ്മെ അറിയും'.

ഒരൊറ്റക്കുറ്റി ചന്ദനമരക്കാടാണ് ഈ കവിത!.

തുടർന്നു കാണാം കവിയുടെ വിലാപങ്ങൾ.
'
ഒരു മഴുവായെൻ പ്രണയച്ചില്ലയെ അടർത്തിമാറ്റി നീ മറയുമ്പോഴും
നിന്നിലേക്ക് പറിച്ചുനട്ട പ്രണയവൃക്ഷത്തിന്റെ വേരുകളപ്പോഴും
ഉറവകളെ തേടി നിൻ ഹൃദയത്തിൽ വേരാഴ്ത്തുന്നു'.

'യാത്രാമൊഴി'യിലാകട്ടെ പ്രണയ തീർത്ഥത്തിൽ ഒഴുക്കിവിട്ട
വെള്ളപ്പുഷ്പങ്ങൾ നിറഞ്ഞ വരികളാണ്.

"പഴയതുപോലെ ജീവന്റെ ചൂട് ഒരിക്കൽ കൂടി അറിയണമെനിക്ക്.
അപ്പോൾ നിന്നിലേക്കൊഴുകിയിറങ്ങാൻ തോന്നും."

'ഉപ്പുറയുന്ന കണ്ണുകൾ വാടിയ പൂവിതളുകളായ് നിന്നിൽ പെയ്യുന്നു'
എന്നൊക്കെ എഴുതാൻ തോന്നും

അതെ!
പ്രണയപാഥേയങ്ങളുടെ ഒരു സൂപ്പർ മാർക്കറ്റു തന്നെ ഈ കവിതാ പുസ്തകം!

പൂമരമേ!
പുസ്തകമേ!

(തലക്കെട്ടുകൾ ഇടുന്നതിൽ കുറച്ചുകൂടി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു
കവയത്രി.
'മഴ പറഞ്ഞത്' എന്നതിനുപകരം' പ്രണയ സംശ്ലേഷണം' എന്നും 'തണുപ്പ്'
എന്നതിനുപകരം 'ഇനി എനിക്കു തണുക്കില്ല; നിനക്കും' എന്നും

ആകാമായിരുന്നു )

മഞ്ജരി ബുക്സ്
120 രൂപ